**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 376** **29-10-2021 - ൽ മറുപടിയ്ക്ക്**

**നിരോധിച്ച വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . മഞ്ഞളാംകുഴി അലി | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് പ്രകാരം നിരോധിച്ച വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിരോധിത വലകൾ ഉപയോഗിച്ച് ചില സ്ഥലങ്ങളിൽ അനധികൃതമായി മത്സ്യബന്ധനം നടത്തുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട് |
| (ബി) | ഇത്തരത്തിലുള്ള മത്സ്യബന്ധനം മൂലം മത്സ്യങ്ങൾക്ക് വംശനാശം സംഭവിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (ബി) | അശാസ്ത്രീയമായ മത്സ്യബന്ധനം മത്സ്യത്തിന്റെ കുറവിനും വംശനാശ ത്തിനും കാരണമാകുന്നതാണ്. KMFR Act ന്റെയും KMFR Rules ന്റെയും അടിസ്ഥാനത്തിൽ നിരോധിച്ചിട്ടുള്ള വലകൾ ഉപയോഗിച്ചുള്ള അനധികൃത മത്സ്യബന്ധനം തടയുന്നതിന് ഫിഷ റീസ് വകുപ്പും മറൈൻ എൻഫോഴ്സ് മെന്റും സംയുക്തമായി കടൽ പട്രോളിംഗ് ശക്തമാക്കുകയും നിയമ ലംഘനം നടത്തുന്ന യാനങ്ങളെ കണ്ടെത്തി ഇമ്പൗണ്ട് ചെയ്ത് കർശന ശിക്ഷാ നടപടികൾ സ്വീകരിയ്ക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം നടപടികൾ അശാസ്ത്രീയ മത്സ്യബന്ധനം തടയുന്ന തിനും കടലിൽ മത്സ്യങ്ങൾക്ക് വംശനാശം ഉണ്ടാകാതിരിക്കുന്നതിനും സഹായകമാകുന്നുണ്ട്. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) പ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തു നിന്ന് 30 മീറ്റർ ആഴം വരെയും പറവൂർ പൊഴിക്കര മുതൽ ബങ്കാര മഞ്ചേശ്വരം വരെ തീരത്തു നിന്നും 20 മീറ്റർ ആഴം വരെയും യന്ത്രവല്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് നിരോ ധനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത 30 മീറ്റർ ആഴത്തിനും 20 മീറ്റർ ആഴ ത്തിനും അകത്തു മത്സ്യബന്ധനം നടത്തുന്നതിന് പരമ്പരാഗത മത്സ്യ ബന്ധന യാനങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത്. സംസ്ഥാ നത്തു രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുള്ള യന്ത്ര വല്കൃത യാനങ്ങളിൽ 20 മീറ്റർ നു മുകളിൽ നീളമുള്ളതും 250 HP ക്കു മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിൽ (12 നോട്ടിക്കൽ മൈലിനു ള്ളിൽ) ഫിഷിങ് ലൈസൻസ് നിർത്ത ലാക്കി. ട്രോൾ വലകളുടെ കോഡ് എൻറിൽ സ്ക്വയർ മെഷ് നിർബന്ധ മാക്കിയിട്ടുണ്ട്. പ്രധാന വലകളുടെ പര മാവധി വലിപ്പവും, കുറഞ്ഞ കണ്ണി വലിപ്പവും നിശ്ചയിച്ച് നടപ്പിലാക്കി. 2017 ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (ഭേദഗതി) ആക്റ്റിന്റെയും 2018 ലെ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ റൂളിന്റെയും അടിസ്ഥാന ത്തിൽ സംസ്ഥാനത്തിലെ മത്സ്യ ബന്ധന വലകൾ നിർമ്മിക്കുന്ന എല്ലാ ഫാക്ടറികൾക്കും ഫിഷറീസ് വകുപ്പിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും അവിടെ അനുവദനീയമായ കണ്ണി വലിപ്പവും ആകെ വലിപ്പവും ഉള്ള വലകളാണ് നിർമ്മിക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യ സമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടു ത്തുന്നതിന്റെ ആവശ്യകത ബോധ്യ പ്പെടുത്തുന്നതിന് രൂപീകരിച്ചിട്ടുളള ഫിഷറീസ് മാനേജ്മെൻറ് കൗൺസിലു കളുടെ പ്രവർത്തനവും പ്രയോജ നപ്പെടുത്തുന്നുണ്ട്. പുതുക്കിയ കെ.എം.എഫ്.ആർ ചട്ടം അനുസരിച്ച് നശീ കരണ മത്സ്യബന്ധന രീതികളായ ഡൈനാമൈറ്റ് പോലുള്ള സ്ഫോടക വസ്തുക്കൾ, വിഷം, മറ്റ് മാരകമായ രാസവസ്തുക്കൾ, കൃത്രിമ പ്രകാശം എന്നിവ ഉപയോഗിച്ചുളള മത്സ്യബന്ധ നവും, തെങ്ങിന്റെ കുലാഞ്ഞിൽ, വൃക്ഷ ശിഖരങ്ങൾ എന്നിവ ഉപയോഗിച്ചും പ്ലാസ്റ്റിക് ബോട്ടിലുകൾ, ഉപയോഗ ശൂന്യമായ വല എന്നിവ കൂട്ടികെ ട്ടിയുള്ള മത്സ്യബന്ധനവും നിരോധി ച്ചിട്ടുണ്ട്. കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) ലംഘിച്ച് നിരോധിത വലകളും മറ്റും ഉപയോഗിച്ച് പരമ്പരാ ഗത മത്സ്യത്തൊഴിലാളികൾക്ക് ദോഷ കരമാകുന്ന തരത്തിൽ അനധികൃത മത്സ്യബന്ധനം നടത്തുന്ന യന്ത്രവൽ കൃത മത്സ്യബന്ധന യാനങ്ങളെ ഇമ്പൗണ്ട് ചെയ്തു ഫൈൻ ഉൾപ്പെടെ യുള്ള ശിക്ഷണ നടപടികൾ സ്വീകരി ക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ